ഉത്തരം

(എ) 16.7.'99-ൽ

(ബി) 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ ഒഴിവുകളൊന്നും നിലവിലില്ല.

(ഡി)&(ഇ) ഹൈക്കോടതിയിലെ 3328/99 എന്ന ഒ.പി.യിൽ 26101/99 സി.എം.പി. യിലെ 30.6.'99ലെയും 17831/99 എന്ന ഒ.പി. യിൽ 29210/99 സി. എം.പി. യിലെ 15.7.'99 ലെയും ഉത്തരവ് പ്രകാരം യഥാക്രമം 20 ഉം, 40 ഉം മെഡിക്കൽഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.ബി. ക്ക് 14.7.'99 ലും 16.7.'99 ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നിലവിലില്ലാതെ കോടതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ അഡ്വൈസ് ചെയ്യുന്നത് കോട തിയുടെ അന്തിമ വിധിക്ക് ശേഷം മതിയെന്നും കോടതി നിർദ്ദേശിച്ചിരുന്നു. 3328/99-ാം നമ്പർ ഒ.പി.യിൽ ഇതുവരെ അന്തിമ തീരുമാനമായിട്ടില്ല.

(എഫ്)റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്ന സമയത്ത് ഉള്ള എല്ലാ ഒഴിവു കളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അത് പ്രകാരം അഡ്വൈസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കോടതി നിർദ്ദേശം വരുന്നതുവരെ കാത്തിരുന്നിട്ടില്ല. 1999-2000-മാണ്ടിലെ പദ്ധതി ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം 50 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനാ വശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റ് പാസ്സാക്കുന്നതിന് മുമ്പ് പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, ധനകാര്യ വകുപ്പിന്റെയും, സെക്രട്ടറിമാ രുടെ കമ്മിറ്റിയുടെയും അനുവാദം ലഭിക്കാതെയും, മന്ത്രിസഭാ തീരുമാനമില്ലാ തെയും സാധിക്കുകയില്ല. ഇവയെല്ലാം പൂർത്തിയായശേഷമേ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനും, പ്രസ്തുത തസ്തിക കൾ നികത്താനുമുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും കഴി യുകയുള്ളൂ. ഇത് സംബന്ധിച്ച് ഇതുവരെയും തീരുമാനമായിട്ടില്ല.

വിഷചികിത്സാ കേന്ദ്രം

183(894) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയിസൺ സെന്റർ(വിഷ ചികിത്സാ കേന്ദ്രം) ആരംഭിക്കുന്നതിന് വേണ്ടി 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എത്ര രൂപ വീതം സർക്കാർ അനുവദിച്ചിട്ടുണ്ട്;

(ബി) മെഡിക്കൽ കോളേജിലെ ഏത് വിഭാഗത്തിൽ ആരുടെയൊക്കെ സഹകരണത്തിലാണ് പ്രസ്തുത സെന്ററുകൾ ആരംഭിക്കുന്നത്;

(സി) ഇതിനോടകം ആരോഗ്യ വകുപ്പിൽ നിന്നും പോയിസൺ സെന്ററിന് വേണ്ടി എത്ര സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രി വികസന സൊസൈറ്റി ഇതിനോടകം എത്ര രൂപ പോയിസൺ സെന്ററിനു വേണ്ടി അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വർഷം പോയിസൺ സെന്ററിന് എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക എന്ന് വിശദമാക്കുമോ;

(എഫ്) പോയിസൺ സെന്ററിന് വേണ്ടി ഇതിനോടകം ഏതെങ്കിലും സ്റ്റാഫിനെ സർക്കാരോ ആശുപത്രി വികസന സൊസൈറ്റിയോ നിയമിച്ചിട്ടുണ്ടോ; ബഡ്ജറ്റിൽ സ്റ്റാഫിന് വേണ്ടി എന്തു തുകയാണ് നീക്കി വെച്ചിട്ടുള്ളത്;

(ജി) പ്രോജക്ട് റിപ്പോർട്ടിൽ പോയിസൺ സെന്ററിന് വേണ്ടി മൊത്തം എത്ര ജീവനക്കാരെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(എച്ച്) അത്യാവശ്യം വേണ്ടുന്ന സ്റ്റാഫിനെ നിയമിച്ച് പ്രസ്തുത സെന്ററിന്റെ പ്രവർത്തനം വേഗത്തിൽ തുടങ്ങുന്നതിന് വേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1997-98-ൽ 10 ലക്ഷം രൂപയും 1998-99-ൽ 5 ലക്ഷം രൂപയും 1999-2000-ൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലാണ് പോയിസൺ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ആണ് കൈകാര്യം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. എച്ച്.സി.എസ്സിന്റെയും ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസിയുടെയും സഹകരണം ഈ സംരംഭത്തിനുണ്ട്.

(സി) രണ്ട് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. അവ(1) ജി.ഒ.(ആർ.ടി) 488/99/ ആ.കു.വ തീയതി 2.3.99 (2) ജി.ഒ.(ആർ.ടി.) 940/99/ആ.കു.വ. തീയതി 25.3.99

(ഡി) ആശുപത്രി വികസന സൊസൈറ്റി പത്തൊൻപതു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ വർഷം പോയിസൺ സെന്ററിന് ഇരുപത്തിയഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അഞ്ച് ലക്ഷം രൂപ സ്റ്റാഫിന്റെ നിയമനത്തിനും, അഞ്ച് ലക്ഷം രൂപ മൈനർ വർക്കുകൾക്കും ബാക്കി തുക യന്ത്ര സാമഗ്രികളും മരുന്നുകളും വാങ്ങുന്നതിനുമായാണ് വകയിരുത്തിയിട്ടുള്ളത്.

(എഫ്) ഈ സെന്ററിന് വേണ്ടി ഇതുവരെയും ആരെയും നിയമിച്ചിട്ടില്ല. ബഡ്ജറ്റിൽ ഈ വർഷം അഞ്ച് ലക്ഷം രൂപ ശമ്പള ഇനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ജി) പ്രോജക്ട് റിപ്പോർട്ടിൽ പതിനഞ്ച് ജീവനക്കാരെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(എച്ച്) എത്രയും വേഗം ഇതിന്റെ പ്രവർത്തനം തുടങ്ങാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly